പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T4346

27-06-2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## സംയോജിത നീർത്തട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംയോജിത നീർത്തട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി ഉയർത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നടത്തിയ ചർച്ചകളിൽ ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) പദ്ധതികളുടെ കാലാവധി 3 ഘട്ടങ്ങളിലായി 7 വർഷം വരെയാണ്. 2009-2010 മുതൽ ആരംഭിച്ചതായ ഈ പദ്ധതികളുടെ കാലാവധി അവസാനിക്കാനുള്ള സമയം ആയിട്ടില്ല. |
| (സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതികളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ഡി) പദ്ധതി പ്രകാരം കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

**സംയോജിത നീർത്തട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.**

1. മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ജൈവ ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പാക്കുകയും മണ്ണിലെ ജലസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക.

2. മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കുകയും ഭൂഗർഭജലവിതാനം ക്രമാനുഗതമായി ഉയർത്തികൊണ്ട് വരുകയും ചെയ്യുക.

3. ജൈവസമ്പത്തിന് സംഭവിച്ച്കൊണ്ടിരിക്കുന്ന ശോഷണം തടയുകയും പരമാവധി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി പരിസ്ഥിതി പുനഃസ്ഥാപനം ഉറപ്പാക്കുകയും ചെയ്യുക.

4. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം സംജാതമാക്കുക.

5. രൂക്ഷമായി കൊണ്ടിരിക്കുന്ന മണ്ണൊലിപ്പ് തടയുക, മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക.

6. മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കുക.

7. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനമായ പ്രകൃതി വിഭവ അടിത്തറ ശക്തമാക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

8. വരൾച്ച വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ കാഠിന്യവും രൂക്ഷതയും കുറയ്ക്കുക.

9. തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാവുംവിധം മാറ്റിയെടുക്കുക.

10. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസുകൾ പുന:രുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

11. കൃഷി യോഗ്യമായ മുഴുവൻ തരിശുഭൂമികളിലും അനുയോജ്യമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ തരിശുരഹിത ഗ്രാമപഞ്ചായത്തുകൾ സൃഷ്ടിക്കുക.

സെക്ഷൻ ഓഫീസർ.